ഉത്തരം

(എ) 1-4-84-ൽ നിലവിൽവന്ന കേരള ജല—മലിനജല അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. എൻ. എസ്. ഭൈരവൻ, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പിലെ ചീഫ് എഞ്ചിനീയറായിരിക്കെ 55 വയസ്സ് ആയതിനാൽ 30-4-1982-ൽ പെൻഷൻ പറ്റേണ്ടതായിരുന്നു.

(ബി) 55 വയസ്സ് പൂർത്തിയായതോടുകൂടി പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് വകുപ്പിലെ ചീഫ് എഞ്ചിനീയർ സ്ഥാനത്തുനിന്നും 30-4-82-ൽ പെൻഷൻ പറ്റേണ്ട ശ്രീ. എൻ. എസ്. ഭൈരവനെ പ്രസ്തുത വകുപ്പിലെ ചീഫ് എഞ്ചിനീയറായി 1-5-82 മുതൽ രണ്ടു വർഷത്തേയ്ക്കുകൂടി തുടരുവാൻ അനുമതി നൽകി. നീട്ടിക്കൊടുത്ത സേവന കാലാവധി 30-4-84-ൽ അവസാനിക്കേണ്ടതായിരുന്നു. എന്നാൽ അതിന് ഒരു മാസം മുൻപുതന്നെ അദ്ദേഹം സർക്കാർ സർവ്വീസിൽനിന്ന് പെൻഷൻ പറ്റുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുകയും അത് സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തെ 1-4-84-ൽ നിലവിൽവന്ന കേരള ജല—മലിനജല അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടറായി 1-4-84 മുതൽ 3 വർഷത്തേയ്ക്ക് വീണ്ടും പുനർ നിയമനം നൽകുകയും ചെയ്തു.

(സി) 31-3-1987.

ജല-മലിനജല അതോറിറ്റിയിൽ പെൻഷൻ പ്രായം കഴിഞ്ഞവരുടെ നിയമനം

927 [1107] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജല-മലിനജല അതോറിറ്റിയിൽ നിയമിക്കപ്പെട്ടവരിൽ പെൻഷൻ പ്രായം കഴിഞ്ഞവർ ആരെല്ലാം;

(ബി) പെൻഷൻപ്രായം കഴിഞ്ഞവരെ നിയമിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1-4-1984-ൽ നിലവിൽ വന്ന കേരള ജല-മലിനജല അതോറിറ്റിയിൽ പെൻഷൻ പ്രായം കഴിഞ്ഞ താഴെ പറയുന്ന 3 പേർക്ക് പുനർ നിയമനം നൽകിയിട്ടുണ്ട്.

1 ശ്രീ. എൻ. എസ്. ഭൈരവൻ,
മാനേജിംഗ് ഡയറക്ടർ, കേരള ജല-മലിനജല അതോറിറ്റി.

2 ശ്രീ. എം. കൊച്ചു നാരായണൻ,
ഫൈനാൻസ് മാനേജർ ആൻറ് ചീഫ് അക്കൗണ്ട്സ് ആഫീസർ.

ശ്രീ. വി. കെ. ബാലകൃഷ്ണ മേനോൻ,
അഡ്വൈസർ (ഭരണം)

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള ജല-മലിനജല അതോറിറ്റി പുതിയതായി നിലവിൽ വന്ന സ്ഥാപനമായതുകൊണ്ട് അതിന്റെ ടോപ്പ് ലവൽ ആഫീസർമാരായി പരിചയസമ്പന്നരായ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ കുറച്ചുകാലത്തേയ്ക്ക് നിയമിച്ചിട്ടുണ്ട്.

മജിസ്ട്രേട്ടുമാരുടെ നിയമനം ഹൈക്കോടതിക്ക് വിടുന്നതിന് നടപടി

928 [1110] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മജിസ്ട്രേട്ടുമാരുടെ നിയമനം പി. എസ്. സി. യിൽ നിന്നും ഒഴിവാക്കി ഹൈക്കോടതിക്ക് വിടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇക്കാര്യത്തെപ്പറ്റി ഹൈക്കോർട്ട് ചീഫ് ജസ്റ്റിസിന്റെ അഭിപ്രായത്തിനുമേൽ എന്തു നടപടിയെടുക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

മുൻസിഫ് മജിസ്ട്രേട്ടുമാരുടേയും കോടതി ജീവനക്കാരുടേയും നിയമനം

929 [1111] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി :
,, കെ. പി. എ. മജീദ് :
,, കെ. പി. രാമൻ :
,, പി. സീതിഹാജി :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിഫ്, മജിസ്ട്രേട്ട് എന്നിവരുടേയും കോടതി ജീവനക്കാരുടേയും നിയമനാധികാരം ഹൈക്കോടതിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ജഡ്ജിമാരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ആലോചനയുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) മുൻസിഫ്, മജിസ്ട്രേട്ട് എന്നിവരുടെ നിയമനാധികാരം ഹൈക്കോടതിയെ ഏല്പിക്കണമോ എന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. മറ്റ് കോടതി ജീവനക്കാരുടെ നിയമനം ഹൈക്കോടതിയെ ഏല്പിക്കണമെന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly